# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.216 09.03.2017-ലെ മറുപടി**

## കുടിവെള്ള ക്ഷാമ പരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ് : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്ത് അനുഭവ പ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നതിനായി തോടുകളിൽ ചെക്ക് ഡാം കെട്ടി ജലസംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള സർക്കാരിന്റെ സമീപനം എന്തെന്ന് വ്യക്തമാക്കാമോ; | എ | സംസ്ഥാനത്ത് വർഷത്തിന്റെ ഭൂരിഭാഗവും ജലദൗർലഭ്യം അനുഭവപ്പെടുകയും കുടിവെള്ള ആവശ്യം വർദ്ധിച്ച് കൊണ്ടിരിക്കുകയും അതേ സമയം സ്വാഭാവിക സ്രോതസ്സുകൾ ശുഷ്കമായി കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നദികളിലേയും തോടുകളിലേയും നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് തടയണകൾ/റെഗുലേറ്ററുകൾ നിർമ്മിക്കുന്നത്. തടയണകൾ നിർമ്മിക്കുന്ന തിനുള്ള പ്രവൃത്തികൾ വിവിധ പദ്ധതികളിൽ (നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻസ്കീം, കാസർഗോഡ് പാക്കേജ്) ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. പണി പൂർത്തിയാക്കിയ തടയണകളിൽ വെള്ളം ശേഖരിച്ച് നിർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഇത്തവണത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ നീരൊഴുക്ക് കുറവ് വന്നതായി കണ്ടെത്തിയ നദികൾക്ക് കുറുകെയായി റഗുലേറ്ററുകൾ പണിയുന്നതിന് 600 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>രണ്ടാംഘട്ട ജലനിധി പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ചെറുതും വലുതുമായ 229 ചെക്കുഡാമുകൾ നിർമ്മിക്കുന്നുണ്ട്. അതിൽ 157 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി | മഴവെള്ള സംഭരണികൾ നിർമ്മിക്കാൻ ധനസഹായമോ സബ്സിഡിയോ പ്രോത്സാഹനമോ നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | ബി | പഞ്ചായത്ത് പരിധിയിൽ 100 ചതുരശ്ര മീറ്ററിൽ താഴെ വാസഗൃഹങ്ങൾ ഉള്ളവർക്ക് പരമാവധി 10000 രൂപയോ വിലയുടെ 75 ശതമാനമോ മഴവെള്ള സംഭരണി വാങ്ങുന്ന തിന് തദ്ദേശ സ്വയംഭരണ വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ.യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും പദ്ധതിയിലൂടെ വ്യക്തിഗത കുടുംബ ങ്ങൾക്കായി സബ്സിഡി നിരക്കിൽ 10000 ലിറ്ററിന്റെ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകി വരുന്നു. പൊതു വിഭാഗത്തിന് 90 ശതമാനവും ബി.പി.എൽ വിഭാഗത്തിന് 95 ശതമാനവും സബ്സിഡി ഇതിനായി നൽകി വരുന്നു. 15 ഗ്രാമപഞ്ചായത്തുകളിലായി ഇതിനകം ഏകദേശം 4000-ഓളം വ്യക്തിഗത കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഫണ്ട് ഉപയോഗിച്ച് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഏകദേശം 840-ഓളം ഗവണ്മെന്റ് സ്കൂളുകൾക്കായി സൗജന്യമായി 10,000 ലിറ്ററിന്റെ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നല്കുന്ന പ്രവൃത്തി പുരോഗമിച്ച് വരുന്നു. ഇതുമൂലം വിദ്യാർത്ഥി കളുടെ ഇടയിലും, അതുവഴി സമൂഹത്തിലും മഴവെള്ള സംഭരണത്തെക്കുറിച്ച് നല്ല അവബോധം നല്കുവാൻ സാധിക്കുന്നുണ്ട്. |
| സി | ഇതിനായി കൂടുതൽ തുക വകയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | സി | ജലനിധിയുടെ പദ്ധതി സ്കീമുകൾ, പതിമൂന്നാം പഞ്ചവത്സര പദ്ധതി എന്നിവയിലുൾപ്പെടുത്തി, മഴവെള്ള സംഭരണ മേഖലയിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

RenukaSankar
സെക്ഷൻ ഓഫീസർ